ഉത്തരം

സംസ്ഥാനത്ത് ആകെ 65728.539 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 6 പൊതമേഖലാ സ്ഥാപനങ്ങൾക്കായി 44601.843 ഹെക്ടറും ഇതര സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കായി 11804.2998 ഹെക്ടറും, 783.7268 ഹെക്ടർ വിവിധ വ്യക്തികൾക്കായും കൂടാതെ ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് ആക്ട്) 1980-ന്റെ പരിധിയിൽപ്പെട്ട 8538.68 ഹെക്ടർ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കായും പാട്ടത്തിനു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കോഴിക്കോട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്താൽ നാശനഷ്ടം സംഭവിച്ചവർ

196 (2227) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്താൽ നാശനഷ്ടം സംഭവിച്ചവർക്ക് വനംവകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം നൽകിയ നഷ്ടപരിഹാരത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 197 അപേക്ഷകളിൻമേൽ 7,09,463 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ശല്യം കാരണമുള്ള കൃഷിനാശം

197 (2228) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ മുതലമട എലവഞ്ചേരി, നെന്മാറ, അയിലൂർ പഞ്ചായത്തുകളിൽ വന്യമൃഗങ്ങളുടെ ശല്യംകാരണം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ പ്രദേശങ്ങളിൽ ചെയ്തിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly